24

# സഭയുടെ വിപുലീകരണം

## യെഹൂദ്യയിലും ശമര്യയിലും ജാതികളിലേക്കും എത്തി, ഏ.ഡി. 35- 45 (പ്രവൃത്തികൾ 8-12)

1. **ശമര്യയിലേക്കു വ്യാപിക്കുന്നു** (8:1-25). - "യെരുശലേമിൽ തുടങ്ങി" എന്നതു (ലൂക്കൊസ് 24:47) നിവർത്തിയായി. അവസാന ആജ്ഞയിലെ ഭൂമിശാസ്ത്രപരമായ തിരിവിനുള്ള സമയമായി (പ്രവൃത്തികൾ 1:8). എന്നാൽ മനുഷ്യരുടെ രോഷം വർദ്ധിക്കുന്നതുവരെ അതിനു നിർബ്ബന്ധപൂർവ്വമായ ഒരു നീക്കം ഉായില്ല; ഒരിക്കൽകൂടെ മനുഷ്യപദ്ധതികൾ ദൈവികപദ്ധതിയുമായി ഇടകലർന്നു കിടക്കുന്നതായി കാണാം. കുലപാതകികളുടെ ദാഹം സ്തെഫാനൊസിന്റെ മരണംകൊൊന്നും ശമിച്ചില്ല. അതു രക്തദാഹികളുടെ ആരംഭം കുറിക്കുന്ന പ്രവൃത്തിയേ ആയിരുന്നുള്ളൂ. കഴിഞ്ഞ ഉപദ്രവങ്ങളെല്ലാം വശപ്പെടുത്തുന്നതായിരുന്നു. ഇപ്പോൾ പരീശന്മാരും സദൂക്യരും, പുരോഹിതന്മാരും ജനങ്ങളും ശൈശവ സഭയുടെ നേർക്കുതിരിഞ്ഞു. ഫലമോ സുവിശേഷത്തിന്റെ തീജ്വാല കെടുത്തുകയായിരുന്നില്ല, മറിച്ച് അതു പുതിയ സ്ഥലങ്ങളിലേക്കു വ്യാപിക്കുമാറാക്കി. അപ്പൊസ്തലന്മാർ, യെരുശലേമിൽ തന്നെ, താമസിച്ചു. ചിതറിപ്പോയ ശിഷ്യന്മാർ പലരും സുവിശേഷകന്മാരായി, യെഹൂദ്യ ശമര്യ എന്നിവിടങ്ങളിൽ പ്രസംഗിച്ചുകൊിരുന്നു. വേലക്കാരിൽ, ഒരാളെ മാത്രം, ബന്ധപ്പെടുത്തിയിരിക്കുന്നു. ഏഴു ശുശ്രൂഷക്കാരിൽ ഒരാളായ, ഫിലിപ്പൊസ്, ശമര്യയിൽ ചെന്നു സുവിശേഷം പ്രസംഗിച്ചു. അറുന്നൂറു വർഷത്തേക്ക് ശമര്യക്കാരെ പ്രത്യേകജനമായി കരുതിയിരുന്നു. അതിലൊരു കരുതലുായിരുന്നു. അവർ യെഹൂദന്മാരോ ജാതികളോ ആയിരുന്നില്ല, പക്ഷെ അന്യോന്യം വീട്ടിൽനിന്നു പകുതി-വഴിയിലായിരുന്നു. ഫിലിപ്പൊസിന്റെ പ്രവർത്തനത്തിന്റെ സ്വഭാവം ഏതാ് പെന്തെകൊസ്തു[1] നാളിലെ അത്ഭുതപ്രദർശനം പോലെയായിരുന്നു; ആ പ്രദേശത്തെ നിരവധി സ്ത്രീ പുരുഷന്മാർ യേശുവിൽ വിശ്വസിച്ചു, ഇപ്പോൾ യേശുവിന്റെ ശിഷ്യൻ പ്രസംഗിച്ച പൂർണ്ണസുവിശേഷം കേട്ടു വിശ്വസിച്ചു. കുപ്രസിദ്ധ ആഭിചാരക്കാരനായിരുന്ന, ശിമോനും, അവിടെ പരിവർത്തനം ചെയ്തവരിൽ ഒരാളായിരുന്നു. ഫിലിപ്പൊസ് സുവിശേഷം പ്രസംഗിക്കയും വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തു, പക്ഷെ ആ അത്ഭുതവരം മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാനുള്ള കഴിവ് അവനില്ലായിരുന്നു. ആ ശക്തി അപ്പൊസ്തലന്മാർക്കു മാത്രമെ ഉായിരുന്നുള്ളൂ. ശമര്യക്കാരുടെ അടുക്കൽ സുവിശേഷം എത്തി എന്ന അറിവു മതിയായിരുന്നു അപ്പൊസ്തലന്മാർക്ക് അവിടെ എത്തുവാൻ. പത്രൊസും യോഹന്നാനും പോയി, ഫിലിപ്പൊസിന്റെ വേല കു തൃപ്തരായി, ശിഷ്യന്മാർക്കു പരിശുദ്ധാത്മാവു ലഭിക്കേതിനു അവർ അവരുടെമേൽ കൈവെച്ചു. ആഭിചാരക്കാരനായ ശിമോനിലേക്കു അവന്റെ പഴയ ആഗ്രഹം മടങ്ങിവന്നു, താൻ ആരുടെയെങ്കിലും മേൽ കൈവെച്ചാൽ അവർക്കു പരിശുദ്ധാത്മാവു ലഭിക്കേതിനുള്ള

വരം നല്കേണമെന്നു പറഞ്ഞു അപ്പൊസ്തലന്മാരുടെ കാല്ക്കൽ പണം കൊുവന്നു വെച്ചു, അവന്റെ ആ പാപത്തിനു അപ്പൊസ്തലനിൽനിന്നു അവനു കർശനമായ ശാസനയും ലഭിച്ചു. അന്നുമുതൽ ഇന്നുവരെ പിതാക്കന്മാരുടെ പദവികൾ പണത്തിനു വാങ്ങുവാൻ ശ്രമിക്കുന്നവരെയെല്ലാം ശിമോനെ പോലെ, എന്നു പറഞ്ഞുവരുന്നു.

**2. ഷണ്ഡന്റെ പരിവർത്തനം** (8:26–40). – ഐത്യോപ്യരാജ്ഞിയായ, കന്ദക്കയുടെ ഷണ്ഡൻ, തന്റെ യെരുശലേം തീർത്ഥാടനം കഴിഞ്ഞുവരുന്ന വഴിയായിരുന്നു. ഗസക്കുള്ള മാർഗത്തിലേക്ക് ദൈവം ഫിലിപ്പൊസിനെ അയച്ചു. അവർ വഴിയിൽ കുമുട്ടി. ഉദ്യോഗസ്ഥൻ യെശയ്യാപ്രവചനം വായിച്ചുകൊിരുന്നു, ഫിലിപ്പൊസിനെ അതിനെ വിശദീകരിക്കുവാൻ ക്ഷണിച്ചു. ഫിലിപ്പൊസ് യേശുവിനെകുറിച്ചുള്ള സുവിശേഷം അറിയിച്ചു. തൽഫലമായി ഷണ്ഡൻ സ്നാനം ആവശ്യപ്പെട്ടു. തേർ നിർത്തുവാൻ കല്പിക്കുകയും, അവർ രുപേരും അടുത്തുള്ള തടാകത്തിൽ ഇറങ്ങി, ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തി, അവൻ പുതുതായി കത്തെിയ വിശ്വാസത്തിൽ സന്തോഷിച്ചു തന്റെ വഴിക്കുപോയി. അവൻ ജാതിയിൽപെട്ടവനായിരിക്കാൻ സാധ്യതയു്. അങ്ങനെയെങ്കിൽ, അതു ജാതികളുടെ ലോകത്തിലേ ക്കുള്ള രഹസ്യമാറ്റമായിരുന്നു, അതു യെരുശലേമിൽ സ്വാധീനം ഒന്നും ചെലുത്തിയില്ല കാരണം അതു നിർജനപ്രദേശത്തു സംഭവിച്ചതാണ്, അതുമായി ബന്ധമുള്ള സാമൂഹ്യമായ ഒന്നുമില്ലായിരുന്നു, യെരുശലേമിൽ ആ സമയത്തു അതെത്തുവാനും ഇടയില്ല. അവൻ ഒരു യവനയെഹൂദനായിരിക്കാനാണ് കൂടുതൽ സാധ്യത, അവരിൽ പലരും, നെഹെമ്യാവിനെ പോലെ, ജാതികളുടെ ദേശത്ത് വലിയ ഉദ്യോഗം നോക്കുന്നവരായിരിക്കും. ഫിലിപ്പൊസ് കൈസര്യയിലേക്കു പോയി, അനേകം വർഷങ്ങൾക്ക് ശേഷം നാം അവനെ അവിടെ വെച്ചു വീും കാണും.

**3. ശൗലിന്റെ പരിവർത്തനവും പ്രാരംഭ പ്രവർത്തനങ്ങളും** (9:1–30). – പെന്തെകൊസ്തുനാളിനുശേഷം ക്രിസ്ത്യാനിത്വ ചരിത്രത്തിൽ നടന്ന ഏറ്റവും പ്രധാന സംഭവമായിരുന്നു ശൗലിന്റെ പരിവർത്തനം. ആ സംഭവം നമ്മോടു മൂന്നു പ്രാവശ്യം പറയുന്നു്: ലൂക്കൊസ് (പ്രവൃത്തികൾ 9), പൗലൊസ് യെഹൂദജനക്കൂട്ടത്തോടു (പ്രവൃത്തികൾ 22), പൗലൊസ് വീും അഗ്രിപ്പാവിനോടു (പ്രവൃത്തികൾ 26). മറ്റേതൊരു അപ്പൊസ്തലനേക്കാളും, പ്രാരംഭ സഭയിൽ അപ്പൊസ്തലനായ പൗലൊസ് നല്ലൊരു പ്രതിഛായ നല്കുന്നു്. ഒരുപക്ഷെ പൗലൊസിന്റെ ദൈവശ്വാസീയ നിർദ്ദേശങ്ങളാൽ സംയോജിപ്പിച്ചതാകാം – ലൂക്കോസിന്റെ സുവിശേഷവും അപ്പൊസ്തലപ്രവൃത്തികളും – പുതിയനിയമത്തിലെ ഒന്നു-പകുതി എഴുത്തും നടത്തിയിരിക്കുന്നതു പൗലൊസ് ആണ്.

മൂന്നാമത്തെ ഉപദ്രവം യെരുശലേമിൽ പൊട്ടിപ്പുറപ്പെട്ട സാഹചര്യത്തിലായിരുന്നു നാം പൗലൊസിനെ വിട്ടുപോന്നത്. അതിന്റെ കേന്ദ്രം അവനായിരുന്നു. അവൻ ചെയ്തതെല്ലാം ശക്തിയോടെയായിരുന്നു ചെയ്തത്. സുവിശേഷം മറ്റു സ്ഥലങ്ങളിലേക്കു വ്യാപിക്കുന്നതുവരെ പ്രവർത്തിക്കുവാൻ ദൈവം അവനെ അനുവദിച്ചു; എന്നാൽ അവൻ തന്റെ അസഹിഷ്ണുത ദമസ്ക്കൊസിലേക്കു വ്യാപിപ്പിക്കുവാൻ ശ്രമിച്ചു പോകുന്ന വഴിയിൽ, ദൈവം അവനെ പിടിച്ചു. അവനെ ഒരു സുവിശേഷകനും സാക്ഷിയുമാക്കുവാൻ യേശു വ്യക്തിപരമായി അവന്നു പ്രത്യക്ഷനായി (പ്രവൃത്തികൾ

26:16), അതായത്, ഒരു അപ്പൊസ്തലനാക്കുവാൻ; അവനെ കണ്ണുകാഴ്ചയില്ലാത്തവനായി, ദമസ്ക്കൊസിലേക്ക് അയച്ചു, അവിടെ, മൂന്നു ദിവസത്തെ ഉപവാസത്തിനും പ്രാർത്ഥനക്കും ശേഷം, കൂടുതൽ ഉപദേശം കേൾക്കയും, അനന്യാസിനാൽ സ്നാനം ഏല്ക്കയും ചെയ്തു. ഗലാത്യലേഖനം ഒന്നാം അദ്ധ്യായവും പ്രവൃത്തികൾ ഒമ്പതാം അദ്ധ്യായവും ചേർത്തു വായിച്ചാൽ, അവൻ ഉടനെ തന്നെ ദമസ്ക്കൊസിൽ പ്രസംഗിച്ചു തുടങ്ങിയതായി നമുക്കു മനസിലാക്കാം; മൂന്നു വർഷം അറബിയിലും പോയി; ദമസ്ക്കൊസിലേക്കു മടങ്ങിയത് താൻ ഉയർത്തിവിട്ട ഉപദ്രവകൊടുങ്കാറ്റു നേരിടുന്നതിനായിരുന്നു; എന്നാൽ രക്ഷപ്പെട്ട് യെരൂശലേമിലേക്കു പോയി, അവിടെ ബറബ്ബാസിനാൽ അവിശ്വസ്തരായ ചില ശിഷ്യന്മാരെ പരിചയപ്പെട്ടു; യെഹൂദന്മാരുടെ ഗൂഢാലോചനയും ദൈവദർശനവും നടക്കുന്നതുവരെ അവൻ ധൈര്യത്തോടെ യെരുശലേമിൽ പ്രസംഗിച്ചു (പ്രവൃത്തികൾ 22:17–21) അവനെ പിന്നെ ജന്മസ്ഥലമായ തർസൊസിലേക്ക് അയച്ചു. പൗലൊസ് എവിടെ പോയോ അവിടെ എല്ലാം അവൻ ഒരു പ്രവർത്തകനായിരുന്നു; എന്നാൽ ഏതാനും വർഷത്തേക്ക് അവന്റെ പ്രവർത്തനങ്ങളെ മൂടുപടമിട്ടു മറച്ചിരുന്നു.

**4. ജാതികളിലേക്കുള്ള മാറ്റം**. – A. പത്രൊസ് മുഖാന്തരം; കൊർന്നെല്ല്യൊസിന്റെ പരിവർത്തനം (10). – ഇപ്പോൾ നാം സംഭവത്തിന്റെ പുതിയ വഴിത്തിരിവിലെത്തിയിരിക്കുന്നു. സഭ ശൈശവപ്രായത്തിലെ കെട്ടുകൾ അറുത്ത് കളയേയിരുന്നു. യെഹൂദന്മാരും ജാതികളും തമ്മിലുായിരുന്ന വിടവ് യെഹൂദന്മാരും ശമര്യക്കാരും തമ്മിലുായിരുന്ന വിടവിനേക്കാൾ കൂടുതൽ ആഴത്തിലുള്ളതും വിസ്തൃതവുമായ ഒന്നായിരുന്നു. എന്നാൽ അതിനു ഒരു പാലം പണിതിരിക്കുന്നു. ദൈവം ശാന്തമായി അന്യോന്യം ഹൃദയങ്ങളെ സംഭവത്തിനായും വലിയ യുഗങ്ങൾക്കായും സാധാരണ ഒരുക്കുന്നു. അതു ഇവിടെയും അങ്ങനെയായിരുന്നു.

*a. കൊർന്നെല്യോസിനെ തയ്യാറാക്കൽ.* – പാലസ്തീന്റെ തലസ്ഥാനമായ, കൈസര്യയിൽ, റോമാ ശതാധിപനായിരുന്നു കൊർന്നെല്യോസ്. അവൻ പരിഛേദന ഏൽക്കാത്ത ജാതിയിൽപെട്ടവനായിരുന്നെങ്കിലും, ദൈവവിശ്വാസിയും; ഭക്തിയുള്ളവനും, നേരുള്ളവനും, ധർമ്മം കൊടുക്കുന്നവനും ആയിരുന്നു. കടൽക്കരയിലെ യോപ്പയിലേക്ക് ആളയച്ചു, ശിമോൻ പത്രൊസിനെ വരുത്തുവാനും അവൻ നിന്നോടു രക്ഷാമാർഗം ഉപദേശിക്കുമെന്നും ദർശനം ഉ ായി.

*b. പത്രൊസിനെ തയ്യാറാക്കൽ.* – ശമര്യ വിട്ട് യെരുശലേമിൽ മടങ്ങിവന്നപ്പോഴായിരുന്നു നാം പത്രൊസിനെ വിട്ടുപോന്നത്. പിന്നെ നാം അവനെ ലുദിയയിൽ കാണുന്നു, അവിടെ അവൻ ഐനെയാസിനെ സുഖപ്പെടുത്തുന്നു്. പിന്നെ, തബീഥാ മരിച്ചപ്പോൾ, അവനെ യോപ്പയിലേക്കു വിളിപ്പിച്ചു. അവിടെ അവൻ തബീഥയെ ഉയർപ്പിച്ചു; അവിടെവെച്ചാണ് കൊർന്നെല്യോസിന്റെ ദാസന്മാർ അവനെ കാണുന്നത്. എന്നാൽ, പത്രൊസിനെയും, കൂടെ സംഭവത്തിനായി ഒരുക്കിയിരുന്നു. ഒരു മനുഷ്യനെയും അശുദ്ധനോ മലിനനോ ആയി കണക്കാക്കരുതെന്നു സ്വർഗത്തിൽനിന്നു ഒരു ദർശനത്താൽ പത്രൊസിനെ പഠിപ്പിക്കയും, കൊർന്നേല്യോസിന്റെ ഭവനത്തിലേക്കു പോകുവാൻ ആത്മാവു ഉത്തേജിപ്പിക്കയും ചെയ്തിരുന്നു. കൊർന്നെല്യോസ് തന്റെ ഭവനത്തിൽ ചാർച്ചക്കാരെയും സ്നേഹിതന്മാരെയും വിളിച്ചുവരുത്തി.

പത്രൊസ് അവരോടു പ്രസംഗിച്ചു, അവരെ കൈക്കൊ, സ്നാനം ഏറ്റു, അവർ സഭയിൽ പ്രവേശിച്ചു.

*c. കേസ് പ്രതിരോധിച്ചു.* – യെരുശലേമിലെ കർക്കശരായ യെഹൂദ ക്രിസ്ത്യാനികൾക്ക് അത് അമ്പരപ്പിക്കുന്ന സംഭവമായിരുന്നു. അഗ്രചർമ്മികളെ മതപരവും സാമൂഹ്യവുമായ അവരുടെ ചടങ്ങുകളിൽ പങ്കെടുപ്പിക്കുന്നത് അവരുടെ വിശ്വാസപ്രമാണങ്ങളുടെ സീമ ലംഘിക്കുന്നതാണ്, പിന്നെ, പത്രൊസ് യെരുശലേമിലേക്കു മടങ്ങിവന്നപ്പോൾ, വിവരം അറിയുവാൻ അവനെ വിളിപ്പിച്ചു. ദൈവം അതിനുള്ള ഉത്തരം നല്കി. സാധാരണ ക്രമത്തിനു വിപരീതമായി, ആത്മാവു, സ്നാനത്തിനു മുൻപായി, കൊർന്നെല്യോസിന്റെ ഭവനത്തിലുള്ളവരുടെമേൽ വന്നു, അതു അവരെ സ്വീകരിക്കേതിനുള്ള ഉറപ്പിനായിരുന്നു. അതു "ജാതികളുടെ പെന്തെകൊസ്ത്" ആയിരുന്നു എന്നു പറയാം; പുതിയ സംരംഭത്തിനു ദൈവമുദ്ര ലഭിച്ചു, പിന്നെ, അതു സഭ മുഴുവനും, സന്തോഷത്തോടെ അംഗീകരിക്കയും ചെയ്തു.

B. യവനന്മാരിൽകൂടെ (11:19–30). – ഇതെല്ലാം സംഭവിക്കുമ്പോൾ, ദൈവം തന്റെ സഭയെ ജാതികളുടെ ലോകത്തേക്കു കടക്കേതിന്നു ഒരുക്കുകയായിരുന്നു. പൗലൊസിന്റെ ഉപദ്രവത്താൽ ചിതറിപോയവർ സുവിശേഷം അന്ത്യോക്യ, ഫൊയ്നിക്യ, കുപ്രൊസ് ദ്വീപ് എന്നിവിടങ്ങളിൽ എത്തിക്കയുായി. ആദ്യം അവർ യെഹൂദന്മാരോടു മാത്രമാണ് സുവിശേഷം പ്രസംഗിച്ചത്. എന്നാൽ യവനന്മാർ സകല വർഗീയ അതിർവരമ്പുകളും ലംഘിച്ച്, ജാതികളിലേക്ക് സുവിശേഷം എത്തിക്കുന്നതായി യെരുശലേമിൽ അറിവു കിട്ടി. ഉടനെ അവർ, യവനനായിരുന്ന ബർന്നബാസിനെ, അന്ത്യോക്യയിലേക്ക് അയച്ചു.

*a. ഒരു പുതിയ കേന്ദ്രവും ഒരു പുതിയ അദ്ധ്യക്ഷനും.* – ബർന്നബാസിനു തന്റെ ജോലി ചെയ്യുന്നതിനുള്ള അനുവാദം മാത്രമല്ല ലഭിച്ചത്, തർസൊസിൽ പോയി ശൗലിനെ കാണുവാനും അവനെ നിയോഗിച്ചിരുന്നു. യെരുശലേമിലെ ശിഷ്യന്മാർക്ക് ആദ്യം ശൗലിനെ പരിചയപ്പെടുത്തിയത് ബർന്നബാസ് ആണെന്നു ഓർമ്മിക്കുമല്ലൊ; "ആദ്യം പൗലൊസിനെ കത്തെിയ" ബഹുമതി ഒരു പക്ഷെ അവനായിരിക്കാം. ഒടുവിൽ അവനുവേ സ്ഥലവും സ്ഥലത്തിനുവേ ആളെയും കത്തെി. ആസ്യയിലെ സംസ്ക്കാരത്തിന്റേയും ജനസംഖ്യയുടേയും വലിയ കേന്ദ്രമായിരുന്നു അന്ത്യോക്യ; പൗലൊസ്, സഭയിലെ ഏറ്റവും ശക്തനും, സ്വാധീനവുമുള്ള ആളായിരുന്നു. അന്ത്യോക്യയിൽ എത്തിയതോടെ, പത്രൊസും യെരുശലേമും പശ്ചാത്തലത്തിലേക്കു മാറി; പൗലൊസും അന്ത്യോക്യയും മുൻപന്തിയിലേക്കു വന്നു. ഒരു പുതിയ കേന്ദ്രവും പുതിയ അദ്ധ്യക്ഷനും ഉടലെടുത്തു, രും ലോക-വ്യാപക സുവിശേഷീകരണത്തിനു യെരുശലേമിനെക്കാളും അവിടത്തെ അദ്ധ്യക്ഷന്മാരെക്കാളും യോജിച്ചതായിരുന്നു.

*b. പുതിയ പേർ.* – "ശിഷ്യന്മാർക്ക് ആദ്യം അന്ത്യോക്യയിൽ വെച്ച് ക്രിസ്ത്യാനികൾ എന്നു പേരുായി"[2] എന്നതു പ്രാധാന്യത്തോടെ പറഞ്ഞിരിക്കുന്നു. ആ പേർ യെരുശലേമിൽ ആരംഭിക്കുന്നതു പ്രയാസമായിരുന്നു. അവിടെയുള്ള യെഹൂദന്മാരെല്ലാം യെഹൂദന്മാരായിരുന്നു, അപൂർവ്വമായിട്ടേ ജാതികളിൽനിന്നു മറ്റു യെഹൂദന്മാരെ തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നുള്ളു. അന്ത്യോക്യയിൽ ജാതികളിൽനിന്നുള്ളവരായിരുന്നു ശിഷ്യന്മാ

രായിതീർന്നത്. അവർ പെട്ടെന്നു യെഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും വ്യത്യാസമുള്ളവരായിതീർന്നു. പേർ ആവശ്യമായതും ശരിയായതുമായിരുന്നു.

**5. നാലാമത്തെ യെഹൂദ ഉപദ്രവം.** – പൗലൊസിന്റെ മിഷ്ണറി യാത്ര തുടങ്ങുന്നതിനുമുൻപ്, യെരുശലേമിലെ കാര്യങ്ങളെകുറിച്ച് ലൂക്കൊസ് ഒരു എത്തിനോട്ടം കൂടെ നമുക്കു നല്കുന്നു്. ബേത്‌ലഹേമിലെ ശിശുക്കളെ കൊന്ന ഹെരോദാവിന്റെ കൊച്ചുമകനും, യോഹന്നാൻ സ്നാപകന്റെ തല ഛേദിച്ച, ഹെരോദാവിന്റെ ശേഷക്കാരനുമായിരുന്ന ഹെരോദാവ് അഗ്രിപ്പാവ് I, ഹെരോദാവുമാരുടെ തനിസ്വഭാവപ്രകാരം, രക്തം ചൊരിയിച്ച ഉപദ്രവം അഴിച്ചുവിട്ടു. അപ്പൊസ്തലനായിരുന്ന യാക്കൊബ് അവനാൽ രക്തസാക്ഷിയായി (മത്താ. 20:22). അതേ വിധി കാത്തു പത്രൊസ് തടവിൽ കഴിയുകയായിരുന്നു, സഭയുടെ പ്രാർത്ഥനയാലും ദൈവദൂതന്റെ ശുശ്രൂഷയാലും അവൻ മോചിതനായി, അവനെ അനേക വർഷത്തെ ശുശ്രൂഷക്കായി ഉപയോഗിക്കയും ചെയ്തു. മാരകമായ രോഗം ബാധിച്ച് ഹെരോദാവു മരിച്ചു (ഏ.ഡി. 44); “എന്നാൽ ദൈവവചനം മേൽക്കുമേൽ വ്യാപിച്ചു വർദ്ധിച്ചു വന്നു.”[3]

---

കുറിപ്പുകൾ

[1]പ്രവൃത്തികൾ 2-ൽ പെന്തെക്കൊസ്തിൽ നടന്ന അത്ഭുതത്തെ അവലോകനം നടത്തുക. [2]പ്രവൃത്തികൾ 11:26. [3]പ്രവൃത്തികൾ 12:24.